**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ചാവക്കാട് നഗരസഭ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയിരുന്ന ശ്രീ.സതീഷ്.പി.എ യുടെ അവധി ശൂന്യവേതനാവധി യായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.377/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.02.2017

---

പരാമർശം : 1. 25.02.2012 തീയതിയിലെ സ.ഉ.(സാധാ.) നം.580/12/തസ്വഭവ

2.നഗരകാര്യ ഡയറക്ടറുടെ 23.05.2016 തിയതിയിലെ ഇ 2-16720/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുന്നംകുളം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ.സതീഷ് പി, ചാവക്കാട് നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി സേവനമനുഷ്ഠിച്ചിരുന്നപ്പോൾ പരാമർശം 1ലെ ഉത്തരവ്വ പ്രകാരം 21/02/2012 മുതൽ 12/09/2012 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ ലീവ് കാലാവധിയും കഴിഞ്ഞ് 28/09/2012 ന് മാത്രമാണ് ടിയാൻ ജോലിയിൽ പ്രവേശിച്ചത് എന്നതിനാൽ 13/09/2012 മുതൽ 27/09/2012 വരെയുള്ള കാലയളവ് കൂടി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.സതീഷ് പി, ചാവക്കാട് നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ അവധിയിലായിരുന്ന 13/09/2012 മുതൽ 27/09/2012 വരെയുള്ള കാലയളവ് കെ എസ് ആർ ഭാഗം I ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.ഈ കാലഘട്ടം ആർജ്ജിതാവധിക്ക് യോഗ്യതാകാലമായി പരിഗണിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൾകലാം. എം.**

അണ്ടർസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം.)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ.സതീഷ് പി., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, കുന്നംകുളം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ